# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2725** **12-03-2018 ൽ മറുപടിക്ക്**

## ടി.എസ്.കനാലിനോട് ചേർന്നുള്ള റവന്യൂ പുറമ്പോക്ക് കയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കരുനാഗപ്പള്ളി താലൂക്കിലൂടെ കടന്നു പോകുന്ന ദേശീയ ജലപാതയായ ടി. എസ്. കനാലിനോട് ചേർന്ന ഭാഗങ്ങളിലെ റവന്യൂ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) കരുനാഗപ്പള്ളി താലൂക്കിൽ കൂടി കടന്ന് പോകുന്ന ദേശീയ ജലപാതയായ ടി.എസ് കനാലിനോട് ചേർന്ന ഭാഗങ്ങളിൽ റവന്യൂ പുറമ്പോക്ക് ഭൂമി നിലവിലില്ല. ടി.എസ് കനാലിനോട് ചേർന്ന് കാണപ്പെടുന്ന പുറമ്പോക്ക് ഭൂമി റീസർവ്വെ രേഖകൾ പ്രകാരം ടി കനാലിന്റെ തന്നെ ഭാഗമായിട്ടുള്ള കായൽ പുറമ്പോക്ക് ഭൂമിയാണ്. കായൽ, കനാൽ, തോട്, നദികൾ, കുളങ്ങൾ തുടങ്ങിയ ജലാശയങ്ങളും അതിന്റെ ഭാഗമായി അതിനോട് ചേർന്ന് വരുന്ന പുറമ്പോക്ക് ഭൂമികളും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 218 പ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമിയാണ്. കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട്, ക്ലാപ്പന, കുലശേഖരപുരം, ആദിനാട്, അയണിവേലിക്കുളങ്ങര, കരുനാഗപ്പള്ളി, പന്മന, ചവറ, നീണ്ടകര എന്നീ വില്ലേജുകളുമായി അതിർത്തി പങ്കിടുന്ന ടി.എസ് കനാലിനോട് ചേർന്ന് വരുന്ന കായൽ പുറമ്പോക്ക് ഭൂമിയിലെ മുഴുവൻ കയ്യേറ്റങ്ങളും കണ്ടെത്തുന്നതിന് ഒരു പ്രത്യേക ദൗത്യം എന്ന നിലവിലുള്ള സമഗ്രമായ സർവ്വേ നടപടികൾ സ്വീകരിച്ചു വരുന്നു. കയ്യേറ്റം ശ്രദ്ധയിൽപ്പെട്ട 12 കേസുകളിൽ സർവ്വേ നടത്തി 33.61 ആർസ് സ്ഥലത്തെ കയ്യേറ്റം തിട്ടപ്പെടുത്തിയിട്ടുള്ളതും പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള ടി പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കയ്യേറ്റ സ്കെച്ചും അനുബന്ധ രേഖകളും ആലപ്പാട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതും രണ്ട് കേസുകളിൽ കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്ന് വരുന്നതുമാണ്. |

| | |
|---|---|
| (ബി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സർക്കാർ ഭൂമി വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ബി) ടി.എസ് കനാലിനോട് ചേർന്ന് റവന്യൂ പുറമ്പോക്ക് ഭൂമി നിലവിലില്ല. പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള കായൽ പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കയ്യേറ്റ സ്കെച്ചും അനുബന്ധ രേഖകളും ആലപ്പാട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**